**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2513** **12-10-2021 - ൽ മറുപടിയ്ക്ക്**

**ഖാദിബോർഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന തൊഴിൽ പരിശീലന കേന്ദ്രങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം വിൻസെൻറ് | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | പട്ടികജാതി-പട്ടികവർഗ പെൺകുട്ടികൾക്ക് തൊഴിൽ പരിശീലനം നൽകുന്നതിനായി തിരുവനന്തപുരം വെങ്ങാനൂർ തെന്നൂർകോണത്ത് ഖാദിബോർഡിന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന സ്ഥാപനവും പതിനെട്ട് സെന്റ് വസ്തുവും സ്വകാര്യവ്യക്തികൾ കൈയേറിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിരുന്നു. ടി വസ്തു സഹകരണ സംഘത്തിന്റെ കീഴിലാണ്. |
| (ബി) | മേൽപ്പറഞ്ഞ വസ്തുവിൽ നിന്ന് അഞ്ച് സെന്റ് വസ്തു സ്വകാര്യവ്യക്തിക്ക് വിലയാധാരം നൽകിയത് ഏത് തീരുമാനപ്രകാരമാണെന്ന് വ്യക്തമാക്കുമോ; ഈ നടപടിക്ക് നിയമപരമായ സാധുത ഉണ്ടോ; | (ബി) | നിലവിലെ രേഖകൾ പരിശോധിച്ചതിൽ പ്രസ്തുത വസ്തു വിലയാധാരം നൽകുന്നതിന് ഖാദി ബോർഡിൽ നിന്നും യാതൊരു അനുവാദവും നൽകിയതായി കാണുന്നില്ല. ആയതിനാൽ നടപടിക്ക് നിയമസാധുതയില്ല. |
| (സി) | ഖാദി ബോർഡിന്റെ കീഴിൽ വിഴിഞ്ഞം മുക്കോല റോഡിൽ സ്ഥാപിച്ചിട്ടുള്ള നെയ്ത്ത് പരിശീലന കേന്ദ്രവും പതിമൂന്ന് സെന്റ് വസ്തുവും സ്വകാര്യ വ്യക്തികൾ കൈവശപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (സി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൈയ്യേറ്റം പകുതിയോളം ഒഴിപ്പിച്ചിട്ടുണ്ട്. ബാക്കി ഭാഗം ഒഴിപ്പിക്കുന്നതിനുള്ള നടപടികൾ നടന്നു വരുന്നു. |
| (ഡി) | മേൽപ്പറഞ്ഞ രണ്ട് സ്ഥാപനങ്ങളും സ്വകാര്യ വ്യക്തികൾ വാടകയ്ക്ക് നൽകി പണം ഈടാക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുസംബന്ധിച്ച് അന്വേഷണം നടത്തുമോ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ഇ) | കോടിക്കണക്കിന് രൂപ വിലമതിക്കുന്ന പ്രസ്തുത സ്ഥാപനങ്ങളും വസ്തുവും തിരികെ ഏറ്റെടുത്ത് രണ്ട് സ്ഥാപനങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങൾ ആക്കി മാറ്റുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ? | (ഇ) | പ്രസ്തുത സ്ഥാപനങ്ങളിൽ ഉല്പാദന യൂണിറ്റും സെയിൽസ് ഔട്ട്ലെറ്റും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ